പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2508 — 18.06.2014 ൽ മറുപടിക്ക്

## തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കലും പുതുക്കലും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) തൊഴിൽ മേഖലയിൽ അടിയന്തിരമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട എത്ര മേഖലകളുണ്ട്; ഇവയിൽ മിനിമം വേതനം പുതുക്കാൻ മൂന്ന് വർഷം കഴിഞ്ഞ എത്ര മേഖലകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ അടിയന്തിരമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട അഞ്ച് മേഖലകളാണുള്ളത്. (മിനിമം വേതനം നിശ്ചയിച്ച് 5 വർഷം കഴിഞ്ഞിട്ടുള്ളവ). ഇവയിൽ മിനിമം വേതനം പുതുക്കാൻ 3 വർഷം കഴിഞ്ഞ മേഖലകൾ 44 എണ്ണമുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് ഇനി മിനിമം വേതനം നിശ്ചയിക്കേണ്ട എത്ര തൊഴിൽ മേഖലകളുണ്ട്; അവ ഏതെല്ലാം; | (ബി) 1948 - ലെ മിനിമം വേതന നിയമത്തിലെ ഷെഡ്യൂൾഡ് എംപ്ലോയ് മെന്റിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ള എംപ്ലോയ്മെന്റ് ഇൻ ഫുട്വെയർ മാനുഫാക്ചറിംഗ്, എംപ്ലോയ്മെന്റ് ഇൻ പേപ്പർ ഇൻഡസ്ട്രി, എംപ്ലോയ്മെന്റ് ഇൻ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, |

എംപ്ലോയ്മെന്റ് ഇൻ ഫോട്ടോ ഗ്രാഫി ആന്റ് വീഡിയോ ഗ്രാഫി. എംപ്ലോയ്മെന്റ് ഇൻ മിഡ് ഡേ മീൽ സ്കീം ഇൻ സ്കൂൾ തുടങ്ങി അഞ്ച് മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാനുണ്ട്.

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ആയത് ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനും . മിനിമം വേതനം പുതുക്കി നടപ്പാക്കാത്ത മേഖലകളിൽ ആയത് ഏർപ്പെടുത്തുന്നതിനും സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും മിനിമം വേതനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ഡി) അൺ എയ്ഡഡ് മേഖലയിലെ അനദ്ധ്യാപകരായ ജീവനക്കാർക്ക് സർക്കാരിന്റെ 12.09.2011 ലെ സ.ഉ (അച്ചടി) നം. 155/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടി മേഖലയിലെ അദ്ധ്യാപകർ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ടി മേഖലയിലെ അദ്ധ്യാപകരെ മിനിമം വേതനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സംസ്ഥാന ഭേദഗതി ബില്ലിന്റെ സാധ്യത പരിശോധിച്ചുവരികയാണ്.

സെക്ഷൻ ആഫീസർ.

അനുബന്ധം

| | | | |
|---|---|---|---|
| 1 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് ആന്റ് അലൈഡ് സെക്ടർ | 10.08.2009 | 5 വർഷം |
| 2 | ആയുർവേദിക് ആന്റ് അലോപ്പതിക് മെഡിസിൻ | 07.07.2008 | 6 വർഷം |
| 3 | ബീഡി ആന്റ് സിഗാർ | 06.11.2010 | 4 വർഷം |
| 4 | ബ്ലോക്ക് റബ്ബർ ഫാക്ടറീസ് | 28.12.2009 | 5 വർഷം |
| 5 | കാഷ്യൂ ഇൻഡസ്ട്രി | 03.01.2011 | 3 വർഷം |
| 6 | സിനിമാ തീയറ്റർ | 15.11.2010 | 3വർഷം |
| 7 | കൊപ്ര ഉണ്ടാക്കുന്നതിനു വേണ്ടി തേങ്ങ ഉണക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മേഖല | 26.07.2010 | 3 വർഷം |
| 8 | ഗാർഹിക തൊഴിൽ മേഖല | 09.03.2010 | 3 വർഷം |
| 9 | ഫിഷ് പീലിംഗ് , ഫിഷ് കാനിങ്ങ് ,ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് | 15.03.2010 | 4 വർഷം |
| 10 | ഫോറസ്റ്റ് | 26.04.2011 | 3 വർഷം |
| 11 | ഫർണ്ണിച്ചർ ഇൻഡസ്ട്രി | 18.02.2011 | 3 വർഷം |
| 12 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | 06.11.2010 | 3 വർഷം |
| 13 | ഗോൾഡ് ആന്റ് സിൽവർ ഓർണമെന്റ്സ് | 07.10.2009 | 4 വർഷം |
| 14 | ഹാന്റിക്രാഫ്റ്റ്സ് | 22.06.2011 | 3 വർഷം |
| 15 | ഹാന്റലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് | 09.06.2009 | 5 വർഷം |
| 16 | ഹാന്റലൂം ഇൻഡസ്ട്രി | 11.12.2009 | 4 വർഷം |
| 17 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി | 23.09.2008 | 5 വർഷം |
| 18 | ഹോസ്റ്റൽസ് | 15.12.2009 | 4 വർഷം |
| 19 | ഐസ് ഫാക്ടറീസ് | 18.12.2010 | 3 വർഷം |
| 20 | ഖാദി ഇൻഡസ്ട്രി | 08.01.2010 | 4 വർഷം |
| 21 | എൽ. പി.ഗ്യാസ് ഏജൻസീസ് | 27.05.2009 | 5 വർഷം |
| 22 | ലൈറ്റ് മോട്ടോർ വെഹിക്കിൾ | 21.05.2008 | 6 വർഷം |
| 23 | ലിക്വർ ട്രേഡിംഗ് ആന്റ് വെൻഡിംഗ് ഇൻഡസ്ട്രീസ് | 26.04.2011 | 3 വർഷം |
| 24 | മൈനർ എഞ്ചിനീയറിംഗ് | 16.12.2009 | 3വർഷം |
| 25 | മെഡിക്കൽ ഷോപ്പ്സ് | 06.11.2010 | 3 വർഷം |
| 26 | മൈനർ പോർട്ട് | 03.05.2011 | 3 വർഷം |
| 27 | ഓയിൽ മിൽ | 20.10.2008 | 5 വർഷം |
| 28 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ്സ് | 06.11.2010 | 3 വർഷം |
| 29 | പ്രിന്റിംഗ് പ്രസ്സ്സ് | 10.08.2010 | 4 വർഷം |
| 30 | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ | 24.02.2010 | 4 വർഷം |
| 31 | നദികളിൽ നിന്ന് മണൽ വാരലും അതിന്റെ കയറ്റിറക്കും | 07.01.2011 | 3 വർഷം |
| 32 | റബ്ബർ ക്രേപ്പ് മിൽ | 09.08.2009 | 4 വർഷം |
| 33 | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് | 08.11.2010 | 3 വർഷം |

| | | | |
|---|---|---|---|
| 34 | റോഡ്സ് കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ബിൽഡിംഗ് ഓപ്പറേഷൻസ് | 04.08.2010 | 3വർഷം |
| 35 | സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കിൾസ് | 27.05.2009 | 4 വർഷം |
| 36 | സ്ക്രീൻ പ്രിന്റിംഗ് ഇൻഡസ്ട്രി | 26.04.2011 | 3 വർഷം |
| 37 | സെക്യൂരിറ്റി സർവ്വീസ് | 24.07.2010 | 3 വർഷം |
| 38 | ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് | 23.07.2009 | 4 വർഷം |
| 39 | സ്റ്റോൺ ബ്രേക്കിംഗ് ആന്റ് സ്റ്റോൺ ക്രഷിംഗ് | 04.08.2010 | 3 വർഷം |
| 40 | സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ് | 19.04.2010 | 3 വർഷം |
| 41 | ടോഡി ടാപ്പിംഗ് | 30.03.2010 | 3 വർഷം |
| 42 | ടെലിഫിലിം ആന്റ് മോഷൻ പിക്ചർ | 17.08.2011 | 4 വർഷം |
| 43 | കുട നിർമ്മാണം | 30.01.2010 | 3 വർഷം |
| 44 | മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് | 09.08.2010 | 3 വർഷം |

(signature)

സെക്ഷൻ ഓഫീസർ.